വരട്ടെ എന്നു ഞാൻ ആശംസിക്കുകയാണു്. അതു തെറ്റായി വരുന്നെങ്കിൽ, അതു തെറ്റായിപ്പോയി, മോശമായിപ്പോയി എന്നു സമ്മതിച്ചുകൊണ്ടു് സഭയോടു മാപ്പു ചോദിക്കാനും ഞാൻ തയ്യാറാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സർ, റിപ്പോർട്ടുകളിൽനിന്നു കിട്ടിയ അറിവു വച്ചുകൊണ്ടു ചെയ്തതാണെന്നു പറയുന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ അങ്ങയുടെ നടപടിയെ അംഗീകരിക്കുകയാണു്.

3. CALLING ATTENTION UNDER RULE 61.

(i) Forceful removal of paddy harvest belonging to the Harijas in Payyanur

Mr. Speaker : The Home Minister has to reply to a notice under Rule 61 given by Shri. K. P. Raghava Poduval.

ശ്രീ. എം. കെ. കൃഷ്ണൻ : കഴിഞ്ഞ 25-ാം തീയതി എല്ലുവാശേരി അംശം കുന്നത്തൂർ താലൂക്കിൽ കൃഷിചെയ്തിരുന്ന സ്ഥലത്തുനിന്നു് അതിന്റെ ജന്മിയായ ഗംഗാധരക്കുറുപ്പും നാല്പതു പേരുംകൂടി ബലാൽക്കാരമായി വിള കൊയ്തുകൊണ്ടുപോയി എന്നു പറഞ്ഞുകൊണ്ടു് ശ്രീ. പറക്കളം കണ്ണൻ എന്നയാൾ ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷനിൽ പരാതി ബോധിപ്പിക്കുകയുണ്ടായി. ആ പരാതിയെ അടിസ്ഥാനപ്പെടുത്തി ഈ സംഗതിയെക്കുറിച്ചു് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടു്. കേസിന്റെ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയുമാണു്. തുടർന്നു് പുനംകൃഷിക്കാരുടെ കൈവശമുള്ള ഭൂമിയിൽനിന്നു് ജന്മിമാർ പലരും വിളവു കൊയ്തെടുത്തു എന്നു പരാതികിട്ടിയതിനെ തുടർന്നു് കൃഷിക്കാരുടെ താല്പര്യം സംരക്ഷിക്കുന്നതിനു് പോലീസിനു് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. അവിടെ സമാധാനപരമായ അന്തരീക്ഷമാണു് നിലവിലുള്ളതു്.

(ii) Proposed agitation by the employees of Panchayats

Mr. Speaker : The Panchayat Minister has to reply to the statement made by Shri. A. S. Purushothaman, the other day under Rule 61.

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി:) പഞ്ചായത്തു് എംപ്ലോയീസ് അസോസിയേഷന്റെ ഒരു നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടു്. വളരെ വിശദമായി ആലോചിച്ചു തീരുമാനിക്കേണ്ട മുഖ്യമായ പ്രശ്നങ്ങൾ അവർ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. പഞ്ചായത്തു് എംപ്ലോയീസിനെ എല്ലാം ഗവണ്മെന്റു് എംപ്ലോയീസാക്കുക, കാമൺ സർവീസ് ഏർപ്പെടുത്തുക, പാർട്ടൈം ജീവനക്കാരെ ഫുൾടൈം ആക്കുക മുതലായ സുപ്രധാനമായ പ്രശ്നങ്ങളെ സംബന്ധിച്ചാണു് തീരുമാനമെടുക്കേണ്ടതു്. ഗവണ്മെന്റു് ഇക്കാര്യങ്ങളെപ്പറ്റി കാര്യമായി ആലോചിച്ചുവരികയാണു്. അവരുടെ പ്രതിനിധികളുമായി ആവശ്യമായ ചർച്ചകളും നടത്തിയശേഷം അവസാന തീരുമാനമെടുക്കാമെന്നാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു്. ചർച്ച നടത്താനുള്ള അവസരം ഏതാനും ദിവസത്തിനകം ഉണ്ടാകും. അതിനുശേഷം തീരുമാനമെടുക്കാം.

4. STATEMENT BY MINISTER

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :കഴിഞ്ഞ 30–ാം തീയതിയിലെ ഒരു ചോദ്യത്തിനുണ്ടായ സംശയത്തിനു് മറുപടി പറയാമെന്നു ഞാൻ പറഞ്ഞിരുന്നു. കഴിഞ്ഞ 30–ാം തീയതി സംസ്ഥാനത്തിലെ വാട്ടർ സ്കീമുകൾക്കു് പൈപ്പു് കൊടുത്തതിനെപ്പറ്റി പൊതുവേയും, പാലാ മുൻസിപ്പാലിറ്റിക്കു് പൈപ്പു് കൊടുത്തതിനെപ്പറ്റി പ്രത്യേകിച്ചും ചോദ്യമുണ്ടായ അവസരത്തിൽ, അന്തിച്ചന്തയിൽനിന്നാണോ ഡിപ്പാർട്ടുമെന്റു് പൈപ്പു് വാങ്ങുന്നതെന്നു് ചോദിക്കാൻ ഇടയായ, വളരെയധികം സംശയങ്ങൾക്കു് ഇട നൽകത്തക്കരീതിയിലുള്ള ചോദ്യം ഉന്നയിക്കപ്പെട്ട ആ പ്രശ്നത്തിനു് അന്വേഷിച്ചു് വിവരം നൽകാമെന്നു ഞാൻ ഇവിടെ പറഞ്ഞിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതേപ്പറ്റി അന്വേഷിച്ചു. പാലാ മുൻസിപ്പാലിറ്റിക്കു് നാലുലക്ഷത്തിൽ ചിലപ്പോൾ രൂപാ വിലവരുന്ന പൈപ്പുകൾ നൽകി അവിടത്തെ ശുദ്ധജല വിതരണപദ്ധതി ഏറ്റവും വേഗം നടപ്പാക്കണമെന്ന ആഗ്രഹത്തോടുകൂടി പ്രവർത്തിച്ചതു് ശരിയാണു്. പക്ഷേ അവിടെ നൽകിയ പൈപ്പുകൾ ഓയിൽ റിഫൈനറിയിൽനിന്നു് റിജക്ടു് ചെയ്തിരുന്നതാണെന്നും, പാഴായിപ്പോയതാണെന്നും, അതുകൊണ്ടു് അതു് പൊളിച്ചു് മാറ്റേണ്ടതാണെന്നും അത്രം വരത്തക്കരീതിയിൽ ശ്രീ. മാണി ഇവിടെ പറയുന്നതും കേൾക്കാൻ ഇടയായി. ബഹുമാനപ്പെട്ട മാണിക്കു് പാലായിലെ ശുദ്ധജലവിതരണ പദ്ധതിക്കു് ഉപയോഗിച്ച പൈപ്പിനെപ്പറ്റി അറിയാൻ ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ അവിടത്തെ എൻജിനീയറോടു് അതേപ്പറ്റി ചോദിക്കാമായിരുന്നു. സ്വന്തം നിയോജകമണ്ഡലത്തിലെ പ്രദേശത്തിൽ കഴിച്ചിട്ട പൈപ്പു് യാതൊരുകാരണവും പറയാതെ പൊളിച്ചുമാറ്റി ആ പദ്ധതി വച്ചതാമസിപ്പിക്കണമെന്ന ആഗ്രഹം ശ്രീ. മാണിക്കുള്ളതായാണു് എനിക്കു് ഇതിൽനിന്നു മനസിലാക്കാൻ കഴിയുന്നതു്.

[Dy. Speaker in the Chair.]

ശ്രീ. എം. എം. തോമസു് : ശ്രീ. മാണി പറഞ്ഞ കാര്യത്തെപ്പറ്റിയല്ല ഇവിടെ ചോദിച്ചതു്. ഇതിന്റെ വസ്തുത എന്താണെന്നുള്ളതു് സഭയ്ക്കറിയണം.

ഡപ്യൂട്ടിസ്പീക്കർ: ശ്രീ. മാണി പറഞ്ഞതു് ഇന്നതാണു്, അതുശരിയല്ലെന്നാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്.

ശ്രീ. എം. എം. തോമസു്: വട്ടത്തിലും നീളത്തിലും ചവിട്ടാതെ പൈപ്പുകൾ ആരിൽനിന്നും വാങ്ങിയതാണെന്നു പറയണം.

ശ്രീ. ബി. വെല്ലിംഗ്ടൺ: വട്ടത്തിലും നീളത്തിലും ചവിട്ടുകയല്ല. കാര്യങ്ങൾക്കു് മറുപടി നൽകുകയാണു് ചെയ്യുന്നതു്. ശ്രീ. മാണിയും, തോമസും, പൈപ്പുകച്ചവടം നടത്തിയതിൽ ഞാൻ അവിഹിതമായി ഇടപെട്ട എന്ന രീതിയിൽ വ്യക്തമായ ആരോപണം കൊണ്ടുവരികയുണ്ടായി. ആ കാര്യം വിശദീകരിക്കുന്നതു് കേൾക്കാൻ പ്രയാസമുണ്ടെങ്കിൽ പിന്നെ വേറെ മാർഗ്ഗമൊന്നുമില്ല. ഇതിലെ ഒരു പൈപ്പും 1967 മാർച്ചുമാസം 6-ാം തീയതിക്കുശേഷം ഗവണ്മെന്റു് വാങ്ങിയിട്ടില്ല. അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞതു്, ഏതോ കൺട്രാക്ടറേയും സപ്ലൈയറേയും സഹായിക്കാൻവേണ്ടി മുൻപുണ്ടായിരുന്ന ഗവണ്മെന്റു് കോടിക്കണക്കിനു് രൂപാ വിലവരുന്ന പൈപ്പു് വാങ്ങിച്ചു് എറണാകുളം സെൻട്രൽ ഡിപ്പോയിൽ ഇട്ടിരുന്നുവെന്നാണു്. അതിൽനിന്നാണു് പാലാ മുൻസിപ്പാലിറ്റിക്കു് ആവശ്യമായ പൈപ്പു് നൽകിയിട്ടുള്ളതു്. ഇങ്ങനെ ഒരു ആരോപണം കൊണ്ടുവന്നു് ഈ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം സ്തംഭിപ്പിക്കണമെന്ന ആഗ്രഹം ശ്രീ. മാണിക്കുണ്ടു്. കാരണം പാല മുൻസിപ്പാലിറ്റിയുടെ ചെയർമാൻ ഒരു കോൺഗ്രസുകാരനായ കൊട്ടുകാപ്പള്ളിയാണു്. കേരളാകോൺഗ്രസുകാരനായ ശ്രീ. മാണിയെ അദ്ദേഹം യാതൊരു തരത്തിലും ഈ പദ്ധതിയുടെ നടത്തിപ്പിൽ അടുപ്പിക്കുന്നില്ല. ആ പദ്ധതിയുടെ ശിലാസ്ഥാപന കർമ്മം നടത്താനിടയായ സന്ദർഭത്തിൽ എന്റെ നിർബന്ധപ്രകാരമാണു് ശ്രീ. മാണിയെക്കൂടി ആ കർമ്മത്തിൽ പങ്കെടുപ്പിച്ചതു്. അങ്ങനെ ഒരു കോൺഗ്രസുകാരൻ ചെയർമാനായിരിക്കുന്ന ഒരു മുൻസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുകയാണെങ്കിൽ കേരളാ കോൺഗ്രസുകാരനായ ശ്രീ. മാണിക്കു് അതുകൊണ്ടു് പേരായ്മകൾ ഉണ്ടാകുമെന്നുള്ളതിന്റെ പേരിൽ, ആങ്ങള മരിച്ചാലും നാത്തൂന്റെ കണ്ണീർ കാണണമെന്നുള്ള ഉദ്ദേശത്തിൽ, സ്വാർത്ഥപരമായ ചിന്തയോടെയാണു് ശ്രീ. മാണി ഈ തരത്തിലുള്ള ആരോപണങ്ങൾ ഇവിടെ കൊണ്ടുവരാൻ ഇടയായതു്.

ശ്രീ. എം. എം. തോമസു് : ഞാൻ ആണു് ഈ ചോദ്യം ചോദിച്ചതു്. അതിനും വ്യക്തമായ മറുപടി പറയാതെ മറ്റുള്ളവരുടെ പേരിൽ ദുരാരോപണം കൊണ്ടുവരുന്നതു് ശരിയാണോ? ചോദ്യത്തിനു് ഉത്തരം മാത്രം കിട്ടിയാൽമതി.

LIBRARY ARCHIVES Kerala Legislative Assembly

ഡപ്യൂട്ടിസ്പീക്കർ: വിവരം മാത്രം പറഞ്ഞാൽമതി.

ശ്രീ. ബി. വെല്ലിംഗ്ടൺ: പാലാ മുൻസിപ്പാലിറ്റി അവിടത്തെ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി എൽ. ഐ. സി. യിൽ നിന്നുതന്നെ പണം കടമെടുത്തു കൊണ്ട് പൈപ്പ് ലൈൻ ടൗൺ ജോലിപൂർത്തിയാക്കിക്കൊണ്ടിരിക്കുമ്പോഴും ഇങ്ങനെയുള്ള ദുരാരോപണങ്ങളും സഭയിൽ ഉന്നയിക്കുന്നതു് വേദനാജനകമാണു്. സത്യസന്ധമായി, ആത്മാർത്ഥമായി, ഉപകാരപ്രദമായി കാര്യങ്ങളും ചെയ്യാൻ പരമാവധി പരിശ്രമിക്കുമ്പോഴും ഇത്തരത്തിലുള്ള ദുരാരോപണങ്ങളും കൊണ്ടുവരുന്നതു് ഖേദകരമാണു്. അതുകൊണ്ട് എന്റെ പേരിൽകൊണ്ടുവന്ന ദുരാരോപണം ബഹുമാനപ്പെട്ട മെമ്പർ പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്. സത്യസന്ധമായി മാത്രമേ ഞാൻ ഈ കാര്യങ്ങളും നിർവ്വഹിച്ചിട്ടുള്ളൂ.

ശ്രീ. എം. എം. തോമസ്: പാലാ മുൻസിപ്പാലിറ്റിക്കുവേണ്ടി പൈപ്പ് വാങ്ങിയതു് ആരിൽനിന്നാണു്? ഓയിൽറിഫൈനറിയിൽ നിന്നു റിജക്ടഡ്പൈപ്പാണു് വാങ്ങിയതെന്നുള്ളതിനു് ഇതുവരെ മറുപടി പറഞ്ഞില്ല.

ഡപ്യൂട്ടിസ്പീക്കർ: ഈ ഗവണ്മെന്റു വന്നതിനുശേഷം പൈപ്പുകളൊന്നും വാങ്ങിയിട്ടില്ലെന്നു പറഞ്ഞു. പിന്നെ എന്താണു് സംശയം.

ശ്രീ. കെ. എം. മാണി: എനിക്കു് ഒരൊറ്റ വാക്കു് പറയണം. അതിനു് എന്നെ അനുവദിക്കണം. ഈ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഒരു അന്വേഷണത്തിനു തയ്യാറുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീമതി. കെ. ആർ. ഗൗരി: ആരോപണങ്ങളും വയ്ക്കുന്ന ആളുകളും മറുപടി കേൾക്കാൻകൂടി തയ്യാറാകണം,

ശ്രീ. കെ. എം. ജോർജ്: ലജിസ്ലേറ്റീവു് ബിസിനസിലേക്കു് കടക്കുന്നതിനു മുൻപു് എനിക്കു് ഒരു കാര്യം പറയാനുണ്ടു്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി വെല്ലിംഗ്ടൺ അദ്ദേഹത്തിന്റെ വിശദീകരണത്തിൽ ശ്രീ. മാണിയെപ്പറ്റി ഗുരുതരമായ ആരോപണങ്ങളും വയ്ക്കുകയുണ്ടായി. എന്താണു് അതിന്റെ സത്യാവസ്ഥയെന്നുള്ളതു് പറയുന്നതിനു് ശ്രീ. മാണിക്കു് ഒരു മിനിട്ടു് അനുവദിക്കണം.

ഡപ്യൂട്ടിസ്പീക്കർ: പേഴ്സണൽ എക്സ്പ്ലനേഷനു് ശ്രീ. മാണിക്കു് സമയം വേണമെന്നു ആവശ്യപ്പെടുകയാണെങ്കിൽ, അതിനു തക്ക വല്ല കാര്യവുമുണ്ടെങ്കിൽ അതിനുവേണ്ട സമയം കൊടുക്കാം. റിക്കാർഡു് പരിശോധിക്കുമ്പോൾ, ശ്രീ. മാണിയെപ്പറ്റി, അദ്ദേഹത്തിനു് ഗുരുതരമായ ദോഷം. വരത്തക്കരീതിയിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെന്നു കാണുകയാണെങ്കിൽ പേഴ്സണൽ എക്സ്പ്ലനേഷനു് സമയം കൊടുക്കാം.

5. LEGISLATIVE BUSINESS

The Kerala Land Reforms (Amendment Bill)

Dy. Speaker: We pass on to Legislative Business Shri R. Gopalakr'shnan Nair can continue.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: പുതിയ അമൻറുമെൻറു് ബില്ലിൽ ഒറ്റി കൂഴിക്കാണം എന്നുള്ള ഡെഫനിഷനെ സംബന്ധിച്ചായിരുന്ന ഞാൻ കഴിഞ്ഞ ദിവസം സംസാരിച്ചുകൊണ്ടിരുന്നതു്. നെയ്യാറ്റിൻകര, നെടുമങ്ങാടു് എന്നീ താലൂക്കുകളിലെ ആളുകളെ സംബന്ധിച്ചിടത്തോളം ഒറ്റി കൂഴിക്കാണം എന്ന സമ്പ്രദായമനുസരിച്ചു് കൂഴിക്കാണം എന്ന വാക്കുള്ളതുകൊണ്ടു് പന്ത്രണ്ടു കൊല്ലക്കാലത്തിൽ കൂടുതൽ കൈവശംവച്ചു് ഭോഗണ്ഡംചെയ്തു വസ്തു അനുഭവിക്കുവാൻ അവകാശം കിട്ടുന്നുണ്ടു്. കേരളത്തിലെ മറ്റുള്ള ഭാഗങ്ങളിലുള്ള ഒറ്റി കൂഴിക്കാണം സമ്പ്രദായ

LIBRARY ARCHIVES Kerala Legislative Assembly